# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. **63** — 30.06.2015-ൽ മറുപടിക്ക്

### ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. എസ്. ശർമ്മ :<br>,, എം. ഹംസ :<br>,, കെ. കെ. നാരായണൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം എന്തൊക്കെയായിരുന്നെന്ന് അറിയിക്കാമോ ; ഇതിൽ കേന്ദ്ര സഹായത്തോടെയും അല്ലാതെയും ചെയ്തവ പ്രത്യേകം അറിയിക്കാമോ : | (എ) പദ്ധതി/പദ്ധതിയേതര വിഹിതം, എം.എൽ.എ/ എം.പി. മാരുടെ ആസ്തിവികസന ഫണ്ട്, നബാർഡ്, ആർ.എസ്.ബി.വൈ. തുടങ്ങിയ ഫണ്ടുകളുപയോഗിച്ചും സർക്കാർ ആശുപത്രികൾ, പി.എച്ച്.സി. കൾ, സി.എച്ച്.സി. കൾ എന്നിവയുടെ കെട്ടിടം, ക്വാർട്ടേഴ്സ്, ലാബ് എക്സ്റേ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും കൈമാറിയ സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഇവയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും ഇതര ഫണ്ടുകളും വഴിയാണ് മുഖ്യമായും നടന്നുവരുന്നത്.<br>നാഷണൽ ഹെൽത്ത് മിഷന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഇതുവരെ 249 പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ലാബുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നാഷണൽ ഹെൽത്ത് മിഷൻ സ്വീകരിച്ചിട്ടുണ്ട്. അതിൽ 100 -ഓളം ലാബുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടുണ്ട്.<br>കേന്ദ്രഗവൺമെന്റ് 2013 -ൽ ആവിഷ്കരിച്ച ദേശീയ നഗര ആരോഗ്യ ദൗത്യം (എൻ.യു.എച്ച്.എം) ത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 66 പുതിയ നഗര ആരോഗ്യ കേന്ദ്രങ്ങൾ (അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

(.....2)

(ബി) ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുകൊണ്ടും ഡോക്ടർമാരുടെ അഭാവംകൊണ്ടും ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തതിനാലും രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ടോ ;

(ബി) സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മൂലവും മരുന്ന് ലഭ്യമല്ലാത്തതിനാലും ഡോക്ടർമാരുടെ അഭാവം മൂലവും രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യം നിലവിലില്ല. എന്നാൽ ചില സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. അഡ്ഹോക്ക് വ്യവസ്ഥയിലും താൽക്കാലികമായും ഡോക്ടർമാരെ നിയമിച്ച് ഈ കുറവ് പരിഹരിച്ചു വരുന്നുണ്ട്.

(സി) പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തു പദ്ധതിയാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ?

(സി) സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. മേജർ കൺസ്ട്രക്ഷൻ വർക്സ്
2. ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ
3. ആസ്തി നവീകരണ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കൽ
5. മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കൽ
6. ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ
7. ട്രോമോകെയർ സെന്ററുകൾ സ്ഥാപിക്കൽ
8. സീവേജ് ട്രീറ്റ്മെന്റ്/ബയോമെഡിക്കൽ പ്ലാന്റുകൾ സ്ഥാപിക്കൽ
9. ബഹുമാനപ്പെട്ട എം.എൽ.എ/എം.പി.മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ
10. പദ്ധതിയേതര ഫണ്ടുപയോഗിച്ചുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ
11. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ
12. ആശുപത്രികളുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ (എൻ.എ.ബി.എച്ച്, കെ.എ.എസ്.എച്ച്, അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ).

സെക്ഷൻ ഓഫീസർ